**"CORRUPTION, A CRIME AGAINST NATION"**


വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോ<br>
തിരുവനന്തപുരം 695033<br>
E-mail:vig.vacb@kerala.gov.in<br>
ഫോൺ നം. 0471-2305393


തീയതി. 22 .06. 2023

**"OPERATION JYOTHI-2 "-സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് എന്നിവിടങ്ങളിൽ എയ്ഡഡ് സ്കൂൾ അദ്ധ്യാപക/അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ടും മറ്റും നടന്നുവരുന്ന അഴിമതി കണ്ടെത്തുന്നതിലേയ്ക്കായി വിജിലൻസിന്റെ സംസ്ഥാനതല മിന്നൽ പരിശോധന**

സംസ്ഥാന പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിൽ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ്, ജില്ലാ വിദ്യാഭ്യാസ ഓഫീസ് (ഡി.ഇ.ഒ ഓഫീസിലെ ബി-1 മുതൽ ബി-6 വരെയുള്ള സെക്ഷനുകൾ) എന്നിവിടങ്ങളിലെ എയ്ഡഡ് സ്കൂൾ അദ്ധ്യാപക/അനദ്ധ്യാപക നിയമനവുമായി ബന്ധപ്പെട്ടും നിയമനം ക്രമവത്ക്കരിക്കൽ, മാനേജ്മെന്റിന് ലഭിക്കുന്ന ഗ്രാന്റുകൾ പാസാക്കി കൊടുക്കൽ, പുതിയ തസ്തിക സൃഷ്ടിക്കൽ, ശമ്പള നിർണ്ണയം, പി.എഫ് ലോൺ പാസാക്കൽ, വിവിധ തരം ലീവുകൾ സെറ്റിൽ ചെയ്ത് പെൻഷൻ ആനുകൂല്യങ്ങൾ അനുവദിക്കൽ എന്നിവയ്ക്ക് വേണ്ടി ചില ഉദ്യോഗസ്ഥർ അഴിമതി നടത്തുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിലാണ് വിജിലൻസ് ഇന്ന് (22.06.2023) രാവിലെ 11. മണി മുതൽ സംസ്ഥാനത്തെ 41 ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലും പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിലും വിജിലൻസ് സംസ്ഥാനതല മിന്നൽ പരിശോധന നടത്തുന്നത്.

ജില്ലാ വിദ്യാഭ്യാസ ഓഫീസുകളിലെ ബി സെക്ഷനാണ് എയ്ഡഡ് സ്കൂളുമായി ബന്ധപ്പെട്ട ഫയലുകൾ കൈകാര്യം ചെയ്യുന്നത് ഈ സെക്ഷനുകളിൽ 2018 മുതൽ അദ്ധ്യാപകനിയമനാംഗീകാരവുമായി വൻ അഴിമതി നടന്നിട്ടുള്ളതായും എയ്ഡഡ് സ്കൂളുകളിൽ ചില മാനേജ്മെന്റുകൾ ഇല്ലാത്ത ഒഴിവുകളിൽ കോഴ വാങ്ങി നിയമനം നടത്തുന്നതായും ചില ഉദ്യോഗസ്ഥർ കൈക്കൂലി വാങ്ങി അത് ക്രമവത്ക്കരിച്ച് നൽകുന്നതായും കൈക്കൂലി നൽകാത്തതിനാൽ സർക്കാർ അംഗീകരിച്ച് നൽകിയ എയ്ഡഡ് സ്കൂളുകളിലെ തസ്തികകൾക്ക് ചില ഉദ്യോഗസ്ഥർ അംഗീകാര ഉത്തരവുകൾ മനഃപൂർവ്വം വൈകിപ്പിക്കുന്നതായും വർഷങ്ങളായി എയ്ഡഡ് മേഖലയിൽ ജോലി നോക്കി വരുന്ന അദ്ധ്യാപകർക്കും ഉദ്യോഗസ്ഥർക്കും ശമ്പളം അനുവദിച്ച് നൽകാതിരിക്കുന്നതായും എയ്ഡഡ് സ്കൂൾ ഉദ്യോഗസ്ഥരുടെ വാർഷിക ഇൻക്രിമെന്റ്, ഇൻക്രിമെന്റ് അരിയർ, ഡി.എ അരിയർ എന്നിവ അനുവദിക്കുന്നതിലും ഡി.ഇ.ഒ ഓഫീസിലെ ഉദ്യോഗസ്ഥർ കാലതാമസം വരുത്തുന്നതായും സ്കൂളുകളിലെ ഓഫീസ് അറ്റൻഡർ വഴി കൈക്കൂലി നൽകുന്ന അപേക്ഷകളിൽ മാത്രം ത്വരിതനടപടി സ്വീകരിക്കുന്നതായും വിജിലൻസിന് രഹസ്യ വിവരം ലഭിച്ചിരുന്നു. ആയത് പരിശോധിക്കുന്നതിലേയ്ക്കാണ് ഇന്ന് സംസ്ഥാനവ്യാപക മിന്നൽ പരിശോധന നടത്തുന്നതെന്ന് വിജിലൻസ് ഡയറക്ടർ ശ്രീ.മനോജ് എബ്രഹാം.ഐ.പി.എസ് അറിയിച്ചു.

വിജിലൻസ് ഡയറക്ടർ ശ്രീ. മനോജ് എബ്രഹാം.ഐ.പി.എസ് -ന്റെ നിർദ്ദേശ പ്രകാരം ഐ.ജി.പി ശ്രീമതി ഹർഷിത അത്തല്ലൂരി ഐ.പി.എസ് -ന്റെ മേൽ നോട്ടത്തിൽ നടക്കുന്ന മിന്നൽ പരിശോധനയിൽ സംസ്ഥാനത്തെ എല്ലാ വിജിലൻസ് യൂണിറ്റുകളും പങ്കെടുക്കുന്നു. മിന്നൽ പരിശോധനയ്ക്ക് വിജിലൻസ് ഇന്റലിജൻസ് പോലീസ് സൂപ്രണ്ട് ശ്രീ.ഇ,എസ് ബിജുമോൻ നേതൃത്വം വഹിക്കുന്നു.

പൊതുജനങ്ങളുടെ ശ്രദ്ധയിൽ അഴിമതി സംബന്ധിച്ച വിവരങ്ങൾ ലഭിക്കുകയാണെങ്കിൽ വിജിലൻസിന്റെ ടോൾ ഫ്രീ നമ്പരായ 1064 എന്ന നമ്പരിലോ 8592900900 എന്ന നമ്പരിലോ വാട്സ് ആപ് നമ്പരായ 9447789100 എന്ന നമ്പരിലോ അറിയിക്കണമെന്ന് വിജിലൻസ് ഡയറ്കടർ ശ്രീ. മനോജ് എബ്രഹാം. ഐ.പി.എസ് ജനങ്ങളോട് അഭ്യർത്ഥിച്ചു